▶ അനുഭവം ▶

എ.കെ സനോജ്

# ഇസ്‌ലാം പാഠശാല എനിക്ക് സമ്മാനിച്ചത്

**സാംസ്കാരിക** കേരളത്തിന്റെ തലസ്ഥാനമായ തൃശൂരിലെ പെരുമ്പിലാവ് അൻസാറിൽ സംഘടിപ്പിച്ച ഇസ്‌ലാം പാഠശാലയിൽ പങ്കെടുക്കാൻ കഴിഞ്ഞതിലും എന്റെ സംശയങ്ങൾക്ക് ഉചിതമായ മറുപടി ലഭിച്ചതിലും ഞാൻ വളരെ സന്തോഷവാനാണ്. എന്റെ സുഹൃത്ത് ഇർഫാൻ ഈ പരിപാടിയെക്കുറിച്ച് കോളേജിൽ വന്ന് പറയുമ്പോൾ, മതപരിവർത്തനത്തിന് ആഹ്വാനം ചെയ്തുകൊണ്ട് എസ്.ഐ.ഒ സംഘടിപ്പിക്കുന്ന പരിപാടി എന്നായിരുന്നു എന്റെ മനസ്സിൽ കയറിവന്ന ചിത്രം. പരിപാടിയിൽ ക്ലാസ്സുകൾ മാത്രമല്ല, നമ്മുടെ സംശയങ്ങൾക്ക് മറുപടിയും നൽകും എന്ന് കേട്ടപ്പോൾ പോകാമെന്ന് തോന്നി. എന്റെ ജീവിതത്തിൽ ആദ്യമാണ് ഒരു മതപാഠശാലയിൽ, അല്ലെങ്കിൽ മതം ചർച്ച ചെയ്യുന്ന ഒരു ക്ലാസിൽ പങ്കെടുക്കുന്നത്. ഇസ്‌ലാം മതത്തെക്കുറിച്ച് എനിക്ക് വ്യക്തമായ ധാരണ ഉണ്ടായിരുന്നില്ല. എന്റെ സുഹൃത്തുക്കൾ അഞ്ചു നേരം നമസ്കരിക്കുന്നവരാണ്. അവരുടെ സംസാരത്തിൽനിന്ന് കിട്ടിയ ചില അറിവുകൾ മാത്രമേ എനിക്ക് ഉണ്ടായിരുന്നുള്ളൂ.

ഇവിടെനിന്ന് യാത്ര തിരിക്കുമ്പോൾ ഞാൻ പലപ്പോഴും ചിന്തിച്ചു, എന്തിനാണ് എസ്.ഐ.ഒ ഇങ്ങനെയൊരു പാഠശാല നടത്തുന്നത് എന്ന്. പക്ഷേ, എന്റെ തെറ്റായ വിശ്വാസങ്ങളെ കാറ്റിൽ പറത്തുന്ന രീതിയിലായിരുന്നു സ്വാഗത പ്രസംഗം മുതൽ സമാപനം വരെ. ഒരു വ്യക്തിയുടെ ജനനം മുതൽ മരണം വരെ അവൻ എങ്ങനെ ജീവിക്കണം, സമൂഹത്തിൽ എങ്ങനെ പെരുമാറണം എന്നെല്ലാം വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്നു എന്നുകേട്ടപ്പോൾ അത്ഭുതം തോന്നി. ഞങ്ങളുടെ അധ്യാപകൻ കൂടിയായ ഡോ. കെ. മുഹമ്മദ് നജീബ് ഖുർആനെക്കുറിച്ച് പറഞ്ഞ ഓരോ വാക്കും മനസ്സിനെ തൊട്ടുണർത്തുന്നതായിരുന്നു. ജീവിച്ചിരുന്ന ഖുർആൻ ആണ് മുഹമ്മദ് നബി എന്നും, ജീവിതത്തിൽ പ്രകാശം പരത്താൻ കഴിയുന്ന ഗ്രന്ഥമാണ് ഖുർആൻ എന്നും, ദൈവം അവതരിപ്പിച്ച ഗ്രന്ഥത്തെ പിന്തുടരുകയാണ് മനുഷ്യന് ചെയ്യാനുള്ളതെന്നും മനസ്സിലായി. അദ്ദേഹത്തിന്റെ ഓരോ വാക്കും അവിടെ കൂടിയ നൂറുപേരെയും എത്രമാത്രം സ്വാധീനിച്ചു എന്ന് സമാപന വേളയിൽ ക്യാമ്പ് അംഗങ്ങൾ നടത്തിയ പ്രസംഗങ്ങളിലൂടെ മനസ്സിലാക്കാം.

നിങ്ങൾ കറുത്തവനോ വെളുത്തവനോ, താഴ്ന്നവനോ ഉയർന്നവനോ ആരാണെങ്കിലും നിങ്ങൾ ദൈവത്തിന്റെ ഒരു സൃഷ്ടി മാത്രമാണ്, ദൈവത്തിന് വഴങ്ങി ജീവിക്കുകയാണ് മനുഷ്യന്റെ ബാധ്യത. ശൈഖ് മുഹമ്മദ് കാരകുന്നിന്റെ ക്ലാസിൽനിന്ന് എനിക്ക് ലഭിച്ച സന്ദേശം അതായിരുന്നു. ക്ലാസിനേക്കാൾ ഉപരി ചർച്ചയിൽ അദ്ദേഹം തന്ന മറുപടികളാണ് എന്നെ അത്ഭുതപ്പെടുത്തിയത്. ഓരോ ചോദ്യത്തിനും നിമിഷ നേരങ്ങൾക്കകം അമ്പരപ്പിക്കുന്ന ഉത്തരങ്ങൾ.

എന്നെ വളരെ സന്തോഷിപ്പിച്ച ഒരു കാര്യം പള്ളിയിലുള്ള താമസമായിരുന്നു. എന്റെ ജീവിതത്തിൽ ആദ്യമാണ് ഒരു മുസ്‌ലിം പള്ളിയിൽ കയറുന്നത്. എസ്.ഐ.ഒ എന്ന സംഘടനയോട് വളരെ കടപ്പെട്ടിരിക്കുന്നു, മതഭേദമില്ലാതെ അവിടെ താമസിക്കാൻ കഴിഞ്ഞതിൽ.

ജീവിതമാകുന്ന പുഷ്പത്തിന് സുഗന്ധംപോലെയാണ് സൗഹൃദം. അത് ജീവിതത്തെ ആസ്വാദ്യകരമാക്കുന്നു. നല്ല ഒരുപാട് സുഹൃത്തുക്കളെയാണ് അവിടെനിന്ന് ലഭിച്ചത്. സുഹൃത്തുക്കളെ സമ്പാദിക്കുന്നത് എത്രയധികം സന്തോഷകരമാണോ, അതിലധികം സങ്കടകരമാണ് അവരെ പിരിയുന്നത്. നല്ല സുഹൃത്തുക്കളെ നഷ്ടപ്പെടുന്നത് ശരീരത്തിലെ അവയവം നഷ്ടപ്പെടുന്നതിനു തുല്യമാണെന്ന് പറയാറുണ്ട്. അത്തരത്തിലുള്ള വിഷമമായിരുന്നു പാഠശാലയുടെ സമാപനവേളയിൽ അനുഭവപ്പെട്ടത്.

ഈശ്വരവിശ്വാസം നമുക്ക് ലഭിക്കുന്നത് മതത്തിലൂടെയാണ്. വിശ്വാസം മറ്റു മതസ്ഥരുടെ തലകൊയ്യാനുള്ള കൊതിയാവരുതെന്നും സ്വന്തം മനസ്സിനെ വിശുദ്ധമാക്കാനുള്ളതാവണമെന്നും, ശാസ്ത്രവും സാങ്കേതികവിദ്യയും എത്രതന്നെ വളർന്നാലും ഈശ്വരന്റെ ശക്തി ഇല്ലാതാക്കാനാവില്ല എന്നുമാണ് ഈ പാഠശാല എനിക്ക് നൽകിയ സന്ദേശം.

(കോഴിക്കോട് ജെ.ഡി.റ്റി കോളേജ് ഓഫ് ഫിസിയോ തെറാപ്പി വിദ്യാർഥിയാണ് ലേഖകൻ)